# പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം
നമ്പർ : 1489.

21..3..2012-ൽ മറുപടിക്ക്

## ക്ഷീര കർഷക മേഖലയിൽ മലബാറിന് സ്പെഷ്യൽ പാക്കേജ്

ചോദ്യം

ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

ഉത്തരം

ശ്രീ. കെ.സി. ജോസഫ്.

(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പ് മന്ത്രി)

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് പാലുൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(എ) കേരളത്തിലെ പാലുല്പാദനം വർദ്ധിപ്പിക്കുവാൻ കാലിത്തീറ്റ സബ്സിഡി, തീറ്റപ്പുൽ വ്യാപന പദ്ധതി, കറവ പശുക്കളെയും കിടാരികളെയും വിതരണം ചെയ്യുന്ന മിൽക്ക് ഷെഡ് വികസന പദ്ധതി, ക്ഷീര സംഘങ്ങൾക്കുള്ള ധനസഹായം, പാൽ ഗുണനിലവാരം വർദ്ധിപ്പിക്കുന്ന പദ്ധതികൾ, ക്ഷീര കർഷകർക്കുള്ള വിജ്ഞാന വ്യാപന പദ്ധതികൾ എന്നിവയാണ് ക്ഷീര വികസന വകുപ്പ് നടപ്പിലാക്കി വരുന്നത്. ഇതിനു പുറമെ കേന്ദ്ര പദ്ധതികളായ ഇന്റഗ്രേറ്റഡ് ഡയറി ഡെവലപ്മെന്റ് പ്രോഗ്രാം, ക്ലീൻ മിൽക്ക് പ്രൊഡക്ഷൻ, ഇടുക്കി പാക്കേജ് എന്നീ പദ്ധതികൾ മിൽമ വഴി സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നു. കൂടാതെ, കന്നുകുട്ടി ദത്തെടുക്കൽ പദ്ധതി, മിനി ഡയറി ഫാമിലെ കറവപശുക്കൾക്ക് സൗജന്യ തീറ്റവിതരണം, കറവ മൃഗങ്ങളുടെ സൗജന്യ ഇൻഷ്വറൻസ് പദ്ധതി, കറവ മൃഗങ്ങൾക്ക് വിരയിളക്കുന്ന പദ്ധതി, 9 മാസം പ്രായമായ പെൺകിടാരികളെ ദത്തെടുക്കൽ പദ്ധതി, കറവയന്ത്ര വിതരണം, ക്ഷീരകർഷകർക്ക് അപകട ഇൻഷ്വറൻസ് പദ്ധതി, മരണാനന്തര ധനസഹായം, ഉപരിപഠന ധനസഹായം, പ്രൊഡക്ഷൻ ഇൻസെന്റീവ്, സമ്മർ ഇൻസെന്റീവ്, കെട്ടിട നിർ

മ്മാണ ഗ്രാന്റ് എന്നിവ മിൽമ വഴി ക്ഷീര കർഷകർക്ക് നൽകി വരുന്നു.

| | |
|---|---|
| (ബി) പാലുൽപ്പാദനത്തിൽ മികച്ച തരത്തിൽ പ്രവർത്തിക്കുന്ന മലബാർ പ്രദേശത്ത് ക്ഷീര കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനും പാൽ ഉൽപാദന വർദ്ധനവും കണക്കിലെടുത്ത് മലബാറിൽ സ്പെഷ്യൽ പാക്കേജ് നടപ്പിലാക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ? | (ബി) ക്ഷീരകർഷകരെ പ്രോത്സാഹിപ്പിക്കുന്നതിന് കഴിയുന്ന നടപടികളെല്ലാം സർക്കാർ സ്വീകരിച്ചിട്ടുണ്ട്. മലബാർ മേഖലയ്ക്ക് പ്രത്യേക പാക്കേജ് സർക്കാരിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ